ശ്രീ. ആർ. ശങ്കർ : ഈ ഗവണ്മെൻറു അങ്ങനെ നിർദ്ദേശം കൊടുത്തതനുസരിച്ചു ചെയ്തിട്ടില്ല. നേരത്തെയുള്ള ആലോചനയുടെ ഫലമായി അങ്ങനെ പെയ്തിരിക്കുന്നതാണു്. ഏതായാലും നൂറായിരുന്നാലും ഇരുനൂറായിരുന്നാലും അതിൽ എത്ര ശതമാനം വാങ്ങി എന്നുള്ളതാണു്. അതു ഇരുനൂറായാലും വലിയ പ്രാധാന്യമുണ്ടെന്നു തോന്നുന്നില്ല.

ചവറ പ്രീമോ പൈപ്പ്ഫാക്റ്ററി.

* 427. [14] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ പ്രീമോ പൈപ്പ്ഫാക്റ്ററി കേരള സർക്കാർ എന്നാണു് ഏറ്റെടുത്തതു് ;

(ബി) സർക്കാർ ഏറ്റെടുക്കുമ്പോൾ എത്ര ദിവസക്കൂലിക്കാരും മാസശമ്പളക്കാരും ഉണ്ടായിരുന്നു ;

(സി) 1963 ഡിസംബർ 31-ാംതീയതിക്കകം എത്ര ദിവസക്കൂലിക്കാരെ കൂടുതലായി എടുത്തിട്ടുണ്ടു് ; എടുത്തിട്ടുള്ള കൂലിക്കാരെ എന്തു മാനദണ്ഡത്തിലാണു് എടുത്തതു് :

(ഡി) ആരാണു് ഇവരെ തിരഞ്ഞെടുത്തതു് ;

(ഈ) ഇന്നു ഫാക്റ്ററി നടത്തിപ്പിനുള്ള മുമതല ഗവണ്മെൻറിനുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 1-9-1959-ൽ.

(ബി) 120 ദിവസക്കൂലിക്കാരും, 15 മാസശമ്പളക്കാരും ഉണ്ടായിരുന്നു.

(സി) 85 ദിവസക്കൂലിക്കാരെയും, 23 മാസ ശമ്പളക്കാരെയും 149 ക്യാഷ്വൽ വക്കേഴ്സിനെയും എടുത്തിട്ടുണ്ടു്. ഇവരെ ഇൻറർവ്യൂ നടത്തിയാണു് എടുത്തിട്ടുള്ളതു്.

(ഡി) ജനറൽ സൂപ്രണ്ടും, ജനറൽ ഫോർമാനും, ചീഫ് അക്കൗണ്ടൻറും ഉൾപ്പെട്ട ഒരു കമ്മറ്റിയാണു് ഇവരെ ഇൻറർവ്യൂ നടത്തിയതു്.

(ഈ) ഫാക്റ്ററി നടത്തിപ്പിനുള്ള മുമതല ബോർഡ് ഓഫ് ഡയറക്ടേഴ്സിനാണു്. ഗവണ്മെൻറിൻറെ മേൽനോട്ടവും ഉണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവരെ തന്നെയാണോ തെരഞ്ഞെടുത്തിട്ടുള്ളതു് ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ഇതിനകത്തു ആകെ 149 പേരെയാണു് ആവശ്യമുണ്ടായിരുന്നതു്. അതിനുവേണ്ടി 800 അപേക്ഷകരുണ്ടായിരുന്നു. അതിൽ മുന്നൂറുപേരെയാണു് ഇൻറർവ്യൂവിനു വിളിച്ചിരുന്നതു്. അതിൽനിന്നുമാണു് ഇത്രയുംപേരെ തെരഞ്ഞെടുത്തതു്. ഈ 149 പേരെ എടുത്തിട്ടുള്ളതിൽ 29 പേരെ മുമ്പു പിരിച്ചുവിട്ടിട്ടുള്ളവരാണു്.

ശ്രീ. ടി. കൃഷ്ണൻ: 10-7-63-ൽ ബോർഡ് ഓഫ് ഡയറക്ടേഴ്സ് ഇവരെ തിരഞ്ഞെടുത്തുകഴിഞ്ഞതിനുശേഷം കമ്പനിയിലെ ഒരുദ്യോഗസ്ഥൻ അന്നു വൈകിട്ടതന്നെ പത്തുപേരെക്കൂടി എടുക്കുകയുണ്ടായി എന്നുള്ള കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അങ്ങനെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഇതു 1963-ൽ അവസാനമായിട്ടു പരസ്യംചെയ്തതനുസരിച്ചു, അതിനുതന്നെ കൂടുതൽ അപേക്ഷകരുണ്ടായിരുന്നതുകൊണ്ടു ഒരു പ്രിലിമിനറി സെലക്ഷൻ നടത്തി അതിനകത്തുനിന്നും മുന്നൂറുപേരെ ഇൻറർവ്യൂവിനു വിളിക്കുകയാണുണ്ടായതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: ഈ തെരഞ്ഞെടുപ്പ് നടത്തുന്നതു എന്തു മാനദണ്ഡമനുസരിച്ചാണു്? മാനദണ്ഡമെന്നു പറയുന്നതു യോഗ്യതയാണോ? അവരുടെ യോഗ്യത എന്തായിരിക്കണമെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: മാനദണ്ഡത്തെപ്പറ്റി കമ്മിഷനില്ല. 1963 ഡിസംബർ 31—ാംതീയതിവരെ എത്രപേരെ എടുത്തിട്ടുണ്ടെന്നാണു് ചോദ്യം.

ശ്രീ. കെ. ആർ. വിജയൻ: കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്റ്റ് അനുസരിച്ചു് 25 പേരും അതിൽ കൂടുതലും തൊഴിലാളികളെ ആവശ്യമുണ്ടെങ്കിൽ അതു് എംപ്ലായ്മെൻറ് എക്സ്ചേഞ്ചു് മുഖാന്തിരം ആയിരിക്കണം എന്നുനിയമം ഉണ്ടായിരിക്കെ അങ്ങനെ അവർ തന്നിട്ടുള്ള ലിസ്റ്റനുസരിച്ചാണോ നിയമനം നടത്തിട്ടുള്ളതു്?

ശ്രീ. എം.പി. ഗോവിന്ദൻനായർ: അതു് ഇപ്പോഴം പറയുവാൻ നിർവാഹമില്ല. എണ്ണൂറുപേരുടെ അപേക്ഷകളിൽ നിന്നും മുന്നൂറുപേരുടെ അപേക്ഷകരം തിരഞ്ഞെടുത്തു് ഇൻറർവ്യൂ നടത്തി നിയമിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഈ എണ്ണൂറുപേരിൽ എത്രപേർ എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽ നിന്നുവന്നിട്ടുള്ളവരാണെന്നുള്ളതു പരിശോധിച്ചിട്ടില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ: ചവായിലുള്ള ഫാക്ടറിയിൽ ജോലി ചെയ്തിരുന്നവരും പിരിച്ചുവിട്ടിട്ടുള്ളവരുമായിട്ടുള്ളവരെ ഈകൂട്ടത്തിൽ നിയമിച്ചിട്ടില്ലാ എന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ട്രേഡ്യൂണിയൻ നിയമപ്രകാരംതന്നെ അവർക്കുകിട്ടേണ്ട അവകാശങ്ങം അനുവദിച്ചുകൊടുക്കാൻ ഗവണ്മെൻറു ശ്രദ്ധിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: മുമ്പു ജോലിചെയ്തിട്ടുള്ളവരെ 29 പേരെ ആദ്യമേ തെരഞ്ഞെടുത്തതിനുശേഷമേ പുറത്തുനിന്നും മറു ആളുകളെ എടുത്തിട്ടുള്ളു.

ശ്രീ. എം. എം. സുന്ദരം: അങ്ങനെ ഉദ്യോഗസ്ഥന്മാരെ എടുക്കുമ്പോം അതിനു എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റു് വാങ്ങിച്ചു അതിനകത്തുനിന്നുമാണോ നിയമനം നടത്തിട്ടുള്ളതു് ; അങ്ങനെ ലിസ്റ്റു് വാങ്ങിച്ചിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ലിസ്റ്റു വാങ്ങിച്ചിട്ടുണ്ടോ അതല്ല ആപ്ലിക്കേഷൻ കാംഫാർചെയ്യോ എന്നുള്ളതിനെക്കുറിച്ചു ഇപ്പോഴം മറുപടി പറയാൻ നിവൃത്തിയില്ല. അതിനെക്കുറിച്ചു കിട്ടിയ വിവരങ്ങം വച്ചുകൊണ്ടു മറുപടി പറഞ്ഞു. അവരെല്ലാം എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നു കൃത്യമായി പറയുന്നതിനു നിവൃത്തിയില്ല. എന്തെങ്കിലും ക്രമവിരുദ്ധമായിട്ടുണ്ടായിട്ടുണ്ടെങ്കിൽ മാവിയിൽ അതുണ്ടാകാതെയിരിക്കാൻ ആവശ്യമെന്നുകണ്ടാൽ നിർദ്ദേശം കൊടുക്കാം.

സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പള നിയന്ത്രണം.

* 428. [15] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങംക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പ്രൈമറി എയിഡഡ് സ്കൂളുകളിലും സെക്കൻഡറി സ്കൂളുകളിലും എത്ര അദ്ധ്യാപകന്മാരുണ്ടു്;

(ബി) അവരിൽ എത്രപേരുടെ ശമ്പളനിർണ്ണയം പൂർത്തിയായി; എത്രപേരുടെ ബാക്കിയുണ്ടു്;

(സി) ശമ്പളനിർണ്ണയം പൂർത്തിയാകാത്തവരുടെ കാര്യത്തിൽ ഗവണ്മെൻറു എന്തു നടപടിയാണു് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതു്;

(ഡി) എന്നേക്കു് അവരുടെ ശമ്പളനിർണ്ണയം പൂർത്തിയാകും?

LIBRARY ARCHIVES Kerala Legislative Assembly